# സഭാതർക്കം പരിഹരിക്കാനാകുമെന്ന് പ്രതീക്ഷ : പാത്രിയർക്കീസ് ബാവാ

## പ്രശ്നപരിഹാരം ചർച്ചകളിലൂടെ : അടുത്തവർഷം കേരളം സന്ദർശിക്കും

**സ്വന്തം ലേഖകൻ**

കുവൈത്ത് സിറ്റി : കേരളത്തിലെ സഭാതർക്കം പരിഹരിക്കാനാകുമെന്നു പ്രതീക്ഷയുണ്ടെന്നു പ.ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ പ്രസ്താവിച്ചു. കഴിഞ്ഞ തവണ കേരളം സന്ദർശിച്ചപ്പോൾ നടത്തിയ ശ്രമങ്ങളുടെ ഫലമായി തർക്കവിഷയങ്ങൾ പഠിക്കാൻ ഇരുവിഭാഗവും ഇരുവിഭാഗവും സമിതിക് നിയോഗിക്കാമെന്ന ധാരണയിലെത്തിയിരുന്നു. യാക്കോബായ വിഭാഗം സമിതി രൂപീകരിച്ചിട്ടുണ്ട്.

ഓർത്തഡോക്സ് വിഭാഗവും സമിതി രൂപീകരിക്കുമെന്നും തുടർനടപടികൾ ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. ഇരുവിഭാഗവും തമ്മിൽ തർക്കങ്ങളുണ്ട്. കോടതികളിലിരിക്കുന്നവയും അക്കൂട്ടത്തിൽ ഉൾപ്പെടും. പ്രശ്നപരിഹാരം ചർച്ചകളിലൂടെ മാത്രമേ സാധ്യമാകൂ. കൽപനവഴി സമാധാനം കൈവരുത്താൻ സാധ്യമല്ല. അടുത്തവർഷം താൻ കേരളം സന്ദർശിക്കുമെന്നും അദ്ദേഹം വെളിപ്പെടുത്തി.

ലോകത്തു മലയാളികൾ ഉള്ളിടങ്ങളിലെല്ലാം സഭയുമായി ബന്ധപ്പെട്ട ആത്മീയാധികാരം ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായ്ക്കുണ്ട്. എന്നാൽ എല്ലായിടത്തും ഭരണാധികാരം പാത്രിയർക്കീസ് ബാവായ്ക്കാണ്. വർ.ങ്ങളാണ് നിലനിൽക്കുന്ന സംവിധാനമാണ് അതെന്നും പാത്രിയർക്കീസ് ബാവാ വ്യക്തമാക്കി.

ഐ.എസ്.ആക്രമണത്തിന് ഇരയാകുന്നവരിൽ ഭൂരിപക്ഷവും മുസ്ലീങ്ങളാണെന്നും പാത്രിയർക്കീസ് ബാവാ പറഞ്ഞു. അവർ മതത്തെ ദുരുപയോഗപ്പെടുത്തുകയാണ്. ഇസ്ലാം ക്രിസ്ത്യൻ സഹവർത്തിത്വത്തിനു നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സിറിയയിലും മറ്റും അക്രമികൾ ലക്ഷ്യമിടുന്നത് ക്രിസ്ത്യാനികളെ മാത്രമല്ല സമാധാന കാംക്ഷികളെ മുഴുവനാണ്. തന്നെ വധിക്കാൻ ശ്രമിച്ചവരുടെ ലക്ഷ്യവും അതായിരുന്നുവെന്നു പാത്രിയർക്കീസ് ബാവാ പറഞ്ഞു. (മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്)